# ചെറുപുഷ്പ മിഷൻലീഗ് 

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥന കൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ "മിഷനെ അറിയാം മിഷനറിയാകാം മിഷൻലീഗിലൂടെ" എന്ന 2020 – 2021 വർഷത്തെ ആപ്തവാക്യത്തെ ഹൃദത്തോട് ചേർത്ത് പ്രേഷിതപ്രഭാവത്തിന്റെ പുത്തൻ പ്രതീക്ഷകളെ മനസ്സിലാക്കി പ്രവർത്തിക്കുന്ന പ്രേഷിതരാകാം....ഈ പുതുവർഷത്തിൽ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കു വേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമേ |
| *ദിയാക്കോണിയ* | : | കാർഷിക ബോധവത്ക്കരണം, ജൈവവള ഉത്പാദനം, നവീന കൃഷി രീതികൾ |

**ശാഖകൾ ശ്രദ്ധിക്കാൻ** : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും

: ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു.

7 ഞായർ : പരി. ത്രിത്വത്തിന്റെ തിരുനാൾ

11 വ്യാഴം : പരി. കുർബ്ബാനയുടെ തിരുനാൾ

19 വെള്ളി : തിരുഹൃദയതിരുനാൾ

29 തിങ്കൾ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ശാഖാ – മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 20 നുള്ളിൽ അതിരൂപതയിൽ എത്തിക്കുക.

## ശാഖാ – മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2019 – 20 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അട

യ്ക്കാനുള്ളത് അടച്ച് തീർക്കുകയും, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് മെയ് 31 ന് മേഖലാ ഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. വാർഷിക റിപ്പോർട്ട് ഫോം, 2020 -2021 വർഷത്തെ ശാഖാ പ്രതിമാസ റിപ്പോർട്ട് ഫോം, മേഖലാ പ്രതിമാസ റിപ്പോർട്ട് ഫോം അതിരൂപത സി എം എൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മേഖലാ ഭാരവാഹികളോട് മേടിക്കാവുന്നതാണ്.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2020 - 2021 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സൺഡേസ്കൂൾ തുടരുന്ന ദിവസം നടത്തി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സീനിയർ ഭാരവാഹികൾ 5 പേരെയും ജൂണിയർ ഭാരവാഹികൾ 4 പേരെയുമാണ് തിരഞ്ഞെടുക്കേണ്ടത്.

## *ദിയാക്കോണിയ*

ജൂൺ - ജൂലൈ മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1) കാർഷിക സെമിനാർ
a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും c) ജൈവ വളത്തിന്റെ പ്രാധാന്യം,

2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ

## ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് 2020 - 2021 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7 ഞായറാഴ്ച അഭിവന്ദ്യപിതാക്കന്മാർ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഉദ്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം സൺഡേസ്കൂൾ റെഗുലറായി തുടങ്ങുന്ന ദിവസമോ, അല്ലെങ്കിൽ പിറ്റേ ഞായറാഴ്ചയോ ആരംഭിക്കുമല്ലോ.

## മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

2019 - 20 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ മേടിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 20 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസി

ഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## അംഗത്വസ്വീകരണം

സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## അഭിനന്ദനങ്ങൾ

ലോക്ഡൗൺ കാലഘട്ടങ്ങളിൽ വാഡ്സ് ആപ്പ് വഴി കുട്ടികൾക്കായി വ്യത്യസ്തങ്ങളായ പരിപാടികൾ അണിയിച്ചൊരുക്കുന്ന എല്ലാ മേഖലാ ഡയറക്ടർമാർക്കും വൈസ്ഡയറക്ടേഴ്സിനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും; അതുപോലെ ഈ മത്സരങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്ന കുഞ്ഞുമിഷനറിമാർക്കും അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രിയപ്പെട്ടമാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ....

## ഇംഗ്ലീഷ് പ്രസംഗമത്സരം

**വിഷയം:** ചെറുപുഷ്പ മിഷൻലീഗ് കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക്.
**വിഭാഗങ്ങൾ:** A) 2019 -2020 Academic Year 5,6,7,8 ക്ലാസ്സുകളിൽ പഠിച്ചവർ
B) 2019 -2020 Academic Year 9,10,11,12 ക്ലാസ്സുകളിൽ പഠിച്ചവർ

## നിബന്ധനകൾ

1) പ്രസംഗം വീഡിയോ രൂപത്തിലാണ് അയക്കേണ്ടത്.
2) അയക്കേണ്ട തിയതി ജൂൺ 5 രാവിലെ മുതൽ 10 നു രാത്രി 8 മണി വരെ (ഇന്ത്യൻ സമയം)
3) cmltly01@gmail.com എന്ന emil അക്കൗണ്ടിലേക്കോ, 9496900845 എന്ന

whatsapp, telegram നമ്പറിലോ അയക്കാം.

4) സമയം: 4 മിനുട്ട്. കൂടാതെ സെൽഫ് ഇൻട്രൊ ഡക്ഷന് ആവശ്യ ത്തിന് സമയം ഉപയോഗിക്കാം.

(തലശ്ശേരിയിൽ താമസിക്കുന്നവർ പേര്, ഇടവക, വീട്ടുപേര്, പഠിക്കുന്ന ക്ലാസ്സ് എന്നിവ പറഞ്ഞിരിക്കണം) (തലശ്ശേരിക്ക് വെളിയിൽ താമസിക്കുന്നവർ പേര്, വീട്ടുപേര്, ഇപ്പോൾ താമസിക്കുന്ന സ്ഥലം, തലശ്ശേരിയിലെ മാതൃ ഇട വക, പഠിക്കുന്ന ക്ലാസ്സ് എന്നിവ പറയുക)

## ആർക്കൊക്കെ പങ്കെടുക്കാം

തലശ്ശേരി അതിരൂപതയിൽ 2019 -2020 വർഷത്തിൽ 5, 6, 7, 8, 9, 10, 11, 12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം നടത്തിയ കുട്ടികൾക്കും തലശ്ശേരി അതിരൂ പതയിൽ പെട്ടതും എന്നാൽ വിദൂരസ്ഥലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും (Eg. Sports School, Technical School) രൂപതയിൽ നിന്ന് ജോലിക്കോ മറ്റ് ആവശ്യ ങ്ങൾക്കായി രൂപതയ്ക്ക് പുറത്ത് താമസിക്കുന്ന കുടുംബങ്ങളിലെ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.

## ഡോക്യുമെന്ററി - അഭിനന്ദനങ്ങൾ

തോമാപുരം മേഖലയുടെ നേതൃത്വത്തിൽ വി. ജോൺ ഓഫ് ആർക്കിന്റെ ഡോക്യുമെന്ററിയും, നെല്ലിക്കാംപോയിൽ മേഖലയുടെ നേതൃത്വത്തിൽ വാ. ദേവസഹായം പിള്ളയുടെ ഡോക്യുമെന്ററിയും, പ്രകാശനം ചെയ്തു.

## മൈഗ്രോ ഗ്രീൻ

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി മൈഗ്രാ ഗ്രീൻ മത്സരം നടത്തി. മൈഗ്രാ ഗ്രീൻ കൃഷി രീതി ഉപയോഗിച്ച് മുളപ്പിച്ചവ 1 മിനിട്ടുള്ള വീഡിയോ രൂപത്തിൽ അയച്ചവരിൽ നിന്ന് സമ്മാനാർഹരുടെ പേര് വിവരം പിന്നീട് അറി യിക്കുന്നതായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥന കൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പ്രിയ മക്കളെ, പുതിയ അധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ, സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിത കഥകളുമൊക്കെ പഠിച്ച് വിശുദ്ധരായ കുഞ്ഞുങ്ങളായി വളരാൻ നമുക്ക് പരിശ്രമിക്കാം. ഉണ്ണീശോയുടെ അനുഗ്രഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഈശോയെപ്പോലെ വളരാം..... വലുതാകാം....**Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ആധാരമാക്കി കഥകൾ, പാട്ടുകൾ, നിറംകൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകവുമായ വിധത്തിൽ ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2 എന്ന വർക്ക് ബുക്ക് പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുന്നു.1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക് ബുക്ക് നൽകാൻ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. വില പിന്നീട് അറിയിക്കുന്നതാണ്.

**തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും :** തിരുബാലസഖ്യം 2020 – 2021 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7 ഞായറാഴ്ച അഭിവന്ദ്യപിതാക്കന്മാർ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഉദ്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്.

**വചനാമൃതം മത്സരം :** തിരുബാലസഖ്യം കുട്ടികൾക്കായി വചനം പറയൽ മത്സരം നടത്തുന്നു. ഏറ്റവും കൂടുതൽ വചനം സുവിശേഷം, അദ്ധ്യായവും വാക്യവും സഹിതം കാണാതെ പഠിച്ച് അവതരിപ്പിക്കണം. ഏറ്റവും കൂടുതൽ വചനങ്ങൾ തെറ്റുകൂടാതെയും ഉച്ചാരസ്ഫുടതയോടെയും ആകർഷകമായും പറയുന്ന വർക്കാണ് സമ്മാനം. വചനം പറയുന്നതിന് മുമ്പ് പേര്, വീട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്കോ, 9496900845 എന്ന whatsapp നമ്പറിലോ അയക്കാം. അയക്കേണ്ട അവസാന ദിവസം ജൂൺ 25.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ